**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 408** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും സാമൂഹ്യ പുരോഗതിക്കും പ്രോത്സാഹനജനകമെന്ന് വിലയിരുത്തി സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം മിഷന് ന്യൂയോർക്ക് ആസ്ഥാനമായ ഗ്ലോബൽ വിഷന്റെ ട്രാവൽ പ്ലസ് ലീഷർ അവാർഡ് ലഭിച്ചത് പ്രസ്തുത പദ്ധതിക്ക് ഉണർവ്വ് നൽകാൻ കാരണമായിട്ടുണ്ടോ; | (എ) | ഉണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും മുഖ്യ പ്രാധാന്യം നൽകി 2008-ൽ വിനോദസഞ്ചാര മേഖലയിൽ കേരളം ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ 2017 ൽ സംസ്ഥാന വ്യാപകമാക്കുവാൻ തീരുമാനിച്ചു. ടൂറിസം എന്നത് വരേണ്യ വിഭാഗത്തിന്റെ മാത്രം പ്രവർത്തന മേഖല എന്ന അവസ്ഥ മാറ്റി ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും സാമൂഹ്യ പുരോഗതിക്കും പ്രോത്സാഹനജനകമെന്ന് വിലയിരുത്തി സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം മിഷന് ന്യൂയോർക്ക് ആസ്ഥാനമായ ഗ്ലോബൽ വിഷന്റെ ട്രാവൽ പ്ലസ് ലീഷർ അവാർഡ് ലഭിച്ചത് പ്രസ്തുത പദ്ധതിക്ക് മാത്രമല്ല ടൂറിസം മേഖലയ്ക്ക് മൊത്തത്തിൽ ഉണർവ്വ് നൽകാൻ കാരണമായിട്ടുണ്ട്. |
| (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ പാരിസ്ഥിതിക ഉത്തരവാദിത്തം നിറവേറ്റുന്നതിനുള്ള പ്രവർത്തനം നടത്തുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും ചെയ്യുക, തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുക എന്നിവയാണ് പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ മുഖ്യ ലക്ഷ്യം. ഇതിന്റെ ഭാഗമായി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്കുള്ള പരിശീലനങ്ങൾ, |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളെ ടൂറിസം വ്യവസായ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക, ആർ. ടി ക്ലാസ്സിഫിക്കേഷൻ നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഉത്തരവാദിത്ത മിഷൻ നടത്തിവരുന്നു. |
| (സി) | വിനോദസഞ്ചാര രംഗത്ത് സ്ത്രീകളുടെ സംരംഭങ്ങളും പങ്കാളിത്തവും വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഏറിയ പങ്ക് പ്രവർത്തനങ്ങളും വിനോദസഞ്ചാര രംഗത്ത് സ്ത്രീകളുടെ സംരംഭങ്ങളും പങ്കാളിത്തവും വർദ്ധിപ്പിക്കാൻ ഉതകുന്നവയാണ്. മിഷന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന യൂണിറ്റുകളിൽ 70% സ്ത്രീകൾ നയിക്കുന്നവയോ അവർ തന്നെ നടത്തുന്നതോ ആയ സംരംഭങ്ങൾ ആണ് .<br><br>ഈ സാമ്പത്തിക വർഷം ഉത്തരവാദിത്ത ടൂറിസം മിഷന് അനുവദിച്ചിരിക്കുന്ന 660 ലക്ഷം രൂപയിൽ 50% സ്ത്രീകളുടെ സംരംഭങ്ങൾക്കായാണ് വകയിരുത്തിയിരിക്കുന്നത്. സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിക്ക് മിഷൻ ഈ സാമ്പത്തിക വർഷം തുടക്കമിടുന്നു. സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള ബ്രെയിൻസ്റ്റോമിംഗ് സെഷൻ ഉത്തരവാദിത്ത ടൂറിസം മിഷൻ 2022 ഒക്ടോബർ മാസം നടത്തുന്നതാണ്.<br><br>പൊതുവേ സ്ത്രീ സഞ്ചാരികൾക്ക് സുരക്ഷിതമായ ഒരു ലക്ഷ്യസ്ഥാനമാണ് കേരളം. പുതിയ പദ്ധതിയിലൂടെ വനിതാ യൂണിറ്റുകളുടെ ഒരു ശൃംഖല സൃഷ്ടിക്കാനും സ്ത്രീകളെ അടിസ്ഥാനമാക്കിയുള്ള ടൂറിസം കേന്ദ്രങ്ങൾ സൃഷ്ടിക്കാനും ആർ ടി മിഷൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ കൂടുതൽ സ്ത്രീ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിന് സുരക്ഷിതവും ശുചിത്വവുമുള്ള സ്ഥലങ്ങൾ/ലക്ഷ്യസ്ഥാനങ്ങൾ ആർ ടി മിഷൻ ഉറപ്പാക്കുന്നു. ഗ്രൂപ്പുകളായും ഒറ്റയ്ക്കും യാത്ര ചെയ്യുന്നവരുമായ സ്ത്രീകളുടെ യാത്രയുടെ കുതിപ്പിന് ലോകമെമ്പാടും സാക്ഷ്യം വഹിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനവും അതിനനുസൃതമായി മാറേണ്ടതുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയിലൂടെ കേരളത്തിലെ ലക്ഷ്യസ്ഥാനങ്ങൾ സ്ത്രീ സഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നുവെന്ന് ഉറപ്പാക്കുന്നു.<br><br>സ്ത്രീ സൗഹൃദ ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ത്രീ ശാക്തീകരണവും- ടൂറിസത്തിലൂടെ സ്ത്രീശാക്തീകരണം എന്നത് |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്ന കാര്യമാണ്. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (PATA) ഗോൾഡ് അവാർഡ് ഉൾപ്പെടെയുള്ള അംഗീകാരങ്ങളും ഈ രംഗത്ത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, തികച്ചും സ്ത്രീ സൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ കഴിഞ്ഞ കുറെ നാളുകളായി നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ് വർക്ക് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തു വരുന്നു. ഇതിനായി ആലോചനാ യോഗങ്ങൾ/നെറ്റ്‌വർക്കിംഗ് വർക്ക്ഷോപ്പുകൾ എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഉടനടി നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ